**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കണ്ണൂർ നഗരസഭയിൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.കെ.വിജേഷിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. **3941**/2017/തസ്വഭവ. തീയതി, തിരുവനന്തപുരം,07.12.2017

---

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 17.06.2016 തിയതിയിലെ ഇ 7-8654/14 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 16.11.2017 തിയതിയിലെ ഇ 7-8654/15 നമ്പർ ഉത്തരവ്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ആശ്രിതനിയമനം വഴി 17/08/2009 എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർതസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.കെ.വിജേഷ്, ടി തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 11/02/2015 ൽ നടന്ന പരീക്ഷയിൽ ആണ് പാസായത് എന്നതിനാൽ ശ്രീ. ശ്രീ.കെ.വിജേഷിന്റെ പ്രൊബേഷൻ കാലയളവ് കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 17/08/2009 ൽ കണ്ണൂർ നഗരസഭയിൽ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ ആയി ജോലിയിൽ പ്രവേശിച്ച ശ്രീ.കെ.വിജേഷിന്റെ പ്രൊബേഷൻ കാലയളവ് ടിയാൾ രണ്ടുവർഷത്തെ ഡ്യൂട്ടി പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക്(16.08.2012 വരെ) പരാമർശം 2 പ്രകാരം നിയമനാധികാരിയായ നഗരകാര്യഡയറക്ടർ ദീർഘിപ്പിച്ചു ഉത്തരവായിട്ടുണ്ട്. കൂടാതെ ടിയാൻ എം.ഒ.പി.ടെസ്റ്റ് പാസ്സായ 11.02.2015 വരെ പ്രൊബേഷനെ ബാധിക്കുന്ന 41 അവധികൾ എടുത്തിട്ടുള്ളതിനാൽ ആയത് ഒഴിവാക്കി 25.03.2015 ന് പ്രൊബേഷൻ പ്രഖ്യാപിക്കുവാൻ കഴിയുമാറ് പ്രൊബേഷൻ കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകണമെന്ന നഗരകാര്യഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ആശ്രിതനിയമനം വഴി എൽ.ഡി.സി/ബിൽ കളക്ടർ തസ്തികയിൽ 17/08/2009 ന് കണ്ണൂർ നഗരസഭയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ.കെ.വിജേഷ് 11.02.2015

ൽ നടത്തിയ ടെസ്റ്റിലാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് പാസായത് എന്നതിനാലും ടിയാൻ എം.ഒ.പി.ടെസ്റ്റ് പാസ്സായ 11.02.2015 വരെ പ്രൊബേഷനെ ബാധിക്കുന്ന 41 അവധികൾ എടുത്തിട്ടുള്ളതിനാലും, നഗരകാര്യ ഡയറക്ടർക്ക് ടിയാളുടെ പ്രൊബേഷൻ 25.03.2015 ന് ഡിക്ലയർ ചെയ്യാൻ കഴിയത്തക്ക രീതിയിൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 17.08.2012 മുതൽ 26.03.2015 വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ശ്രീ.കെ.വിജേഷ്-ന്റെ സേവനപുസ്തകം സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ശ്രീ.കെ.വിജേഷ് , എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ, കണ്ണൂർ നഗരസഭ
സെക്രട്ടറി, കണ്ണൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ